**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 445** **11-06-2024 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ ഗവൺമെന്റ് വനിതാ കോളേജിൽ കിഫ്ബി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ ഗവൺമെന്റ് വനിതാ കോളേജിൽ കിഫ്ബി പദ്ധതി പ്രകാരം നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ; പ്രവൃത്തിക്ക് തടസങ്ങൾ ഉണ്ടെങ്കിൽ അറിയിക്കാമോ? | (എ) | കണ്ണൂർ കെ.എം.എം. ഗവ. വനിതാ കോളേജിന്റെ അടിസ്ഥാന സൌകര്യ വികസന പദ്ധതി കിഫ്ബി മുഖേന നടപ്പാക്കുന്നതിനായി സർക്കാർ പുറപ്പെടുവിച്ച 10-11-2017-ലെ സ.ഉ (കൈ) നം.284/2017/ഉ.വി.വ, 19-06-2019-ലെ സ.ഉ (കൈ) നം.173/2019/ഉ.വി.വ, 30-08-2019-ലെ സ.ഉ (കൈ) നം.304/2019/ഉ.വി.വ, എന്നീ ഭരണാനുമതി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ, പദ്ധതി നിർവ്വഹണ ഏജൻസിയായ കെ.എസ്.ഐ.റ്റി.ഐ.എൽ സമർപ്പിച്ച വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്ബി പരിശോധിക്കുകയും 11-02-2020-ലെ HED007-01/APR-4/2021/KIIFB നമ്പർ ഉത്തരവു പ്രകാരം പ്രസ്തുത പദ്ധതിക്ക് 7.15 കോടി രൂപയുടെ ധനാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. തുടർന്ന്, ടി തുക ഉയർത്തി നൽകുന്നതിനായി കെ.എസ്.ഐ.റ്റി.ഐ.എൽ സമർപ്പിച്ച ശിപാർശകൾ കിഫ്ബി പരിശോധിച്ച ശേഷം 17-04-2024-ലെ HED007-01/APR-4/2024/KIIFB നമ്പർ ഉത്തരവു പ്രകാരം 12,95,76,783/- രൂപയുടെ പുതുക്കിയ ധനാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ, ടി തുക ചുരുക്കി പദ്ധതി നടപ്പാക്കുന്നതു സംബന്ധിച്ച പരിശോധന നടത്തി ആയതിന്മേൽ കിഫ്ബിയുടെ അംഗീകാരം ലഭ്യമാക്കുന്നതിന് എസ്.പി.വി-യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് കിഫ്ബിയിൽ ലഭ്യമാകുന്ന മുറയ്ക്ക് കിഫ്ബി മാനദണ്ഡങ്ങൾക്കനുസൃതമായി പുനരംഗീകാരം നൽകാവുന്നതും ആയതിന്റെ അടിസ്ഥാനത്തിൽ, പ്രസ്തുത പ്രവൃത്തിക്ക് സാങ്കേതികാനുമതി ലഭ്യമാക്കി, ടെൻഡർ നടപടികൾ സ്വീകരിച്ച് വർക്ക് അവാർഡ് ചെയ്ത് പ്രവൃത്തി യഥാസമയം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ കെ.എസ്.ഐ.റ്റി.എൽ-ന് സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ